"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

കേരള സംസ്ഥാന ഹജ്ജ് കമ്മറ്റി - ഗ്രാന്റ് -ഇൻ -എയ്ഡ് -ശമ്പളം- ശമ്പളേതരം -നാലാം ഗഡു ഫണ്ട് റിലീസ് ചെയ്യുന്നതിന് - അനുമതി നൽകി ഉത്തരവാകുന്നു .

---

പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്

സ.ഉ.(സാധാ) നം.1320/2025/GAD തീയതി,തിരുവനന്തപുരം, 25-03-2025

---

പരാമർശം:-

1. 1.19.07.2024 തീയതിയിലെ സ .ഉ .(സാ ധാ ) നം .3264/2024/GAD
2. 13.11.2024 തീയതിയിലെ സ .ഉ .(സാ ധാ ) നം. 5008/2024/GAD
3. 17/02/2025 തീയതിയിലെ സ.ഉ. (സാധാ) നം. 712/2025/പൊഭവ
4. കേരള സംസ്ഥാന ഹജ്ജ് കമ്മറ്റി അസിസ്റ്റന്റ് സെക്രട്ടറിയുടെ 05/03/2025 —ലെ H1-279/2023/KSHC നമ്പർ കത്ത്.

**ഉത്തരവ്**

2024 -25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് 2075-00-800-81-31- ഗ്രാന്റ് - ഇൻ - എയ്ഡ് ജനറൽ - ശമ്പളം (NP) എന്ന ശീർഷകത്തിൽ 36,57,000/--രൂപയും (മുപ്പത്തിയാറ് ലക്ഷത്തി അൻപത്തിയേഴായിരം രൂപ മാത്രം) 2075-00-800-81-36- ഗ്രാന്റ് - ഇൻ - എയ്ഡ് ജനറൽ – ശമ്പളേതര ഇനത്തിൽ 68,60,000/- രൂപയും (അറുപത്തിയെട്ടുലക്ഷത്തി അറുപതിനായിരം രൂപ മാത്രം) ചേർത്ത് ആകെ 1,05,17,000/- ( ഒരുകോടി അഞ്ചു ലക്ഷത്തി പതിനേഴായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട് .

2)പരാമർശം ഒന്ന്,രണ്ട് , മൂന്ന് എന്നിവ പ്രകാരം ശമ്പള ഇനത്തിൽ 32.314 ലക്ഷം രൂപയും ശമ്പളേതര ഇനത്തിൽ 38.72 ലക്ഷം രൂപയും ചേർത്ത് ആകെ 71.034 ലക്ഷം രൂപ ഫണ്ട് അനുവദിച്ചിരുന്നു

3) 2023-24 സാമ്പത്തിക വർഷത്തിൽ ശമ്പള ഇനത്തിൽ ബജറ്റ് അലോക്കേഷന് ശേഷം നിയമിതനായ എക്സിക്യൂട്ടീവ് ഓഫീസറുടെ ശമ്പളം അടക്കം 52,66,137/- രൂപയും, ശമ്പളേതര ഇനത്തിൽ 44,59,000/- രൂപയും ചേർത്ത് ആകെ 97,25,137/- (തൊണ്ണൂറ്റി ഏഴു ലക്ഷത്തി ഇരുപത്തിഅയ്യായിരത്തി ഒരുന്നൂറ്റി മുപ്പത്തിഏഴ്) രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ശമ്പള ഇനത്തിൽ അധികമായി ചെലവഴിച്ച തുക ഹജ് കമ്മിറ്റി ഫണ്ടിൽ നിന്നും ലോൺ റീ ക്ലപ് അടിസ്ഥാനത്തിൽ എടുത്തിട്ടുള്ളതും ഫണ്ട് ലഭ്യമാവുന്ന മുറക്ക് തിരികെ അടവാക്കേണ്ടതുമാണ്. കൂടാതെ ശമ്പളേതര ഇനത്തിൽ 2024-ഹജ് വോളൻ്റീർമാരുടെ (ഖാദിമുൽ ഹ്യുജ്ജാജ്) ചെലവിനത്തിൽ 1,76,43,055/- രൂപകൂടി കേന്ദ്ര ഹജ് കമ്മിറ്റിക്കു അടവാക്കേണ്ടതുണ്ട്. കേരള സംസ്ഥാന ഹജ് കമ്മിറ്റിക്കുള്ള ബജറ്റ് വിഹിതത്തിൻ്റെ അടുത്ത ഗഡുവായി ശമ്പള ഇനത്തിൽ 4,25,600/- രൂപയും ശമ്പളേതര ഇനത്തിൽ 2988000/- രൂപയും ചേർത്തു ആകെ 3413600/- (മുപ്പത്തി നാല് ലക്ഷത്തി പതിമുവ്വായിരത്തി അറുനൂറു രൂപ) അടിയന്തിരമായി

ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നുമാണ് പരാമർശം 4-പ്രകാരം ഹജ് കമ്മിറ്റി അസിസ്റ്റന്റ് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നത് .

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയ്ക്ക് 2024 -25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിന്റെ നാലാം ഗഡുവായി , 2075 -00 -800 -81 -31 സാലറി ശീർഷകത്തിൽ അവശേഷിക്കുന്ന 425600/- രൂപ (നാല് ലക്ഷത്തി ഇരുപത്തിയയ്യായിരത്തി അറുനൂറ് രൂപാ മാത്രം ) രൂപയും 2075 -00 -800 -81 -36 നോൺ സാലറി ശീർഷകത്തിൽ നിലവിലെ സീലിംഗ് ലിമിറ്റിനുള്ളിൽ (72%) നിന്നുകൊണ്ട് ചെലവാക്കാൻ കഴിയുന്ന 10,67,200/-രൂപയും(പത്ത് ലക്ഷത്തി അറുപത്തിയേഴായിരത്തി അറുനൂറ് രൂപാ മാത്രം ) രൂപയും റിലീസ് അനുവദിക്കാനും, ആയത് കൊണ്ടോട്ടി സബ് ട്രെഷറിയിൽ എക്സിക്യൂട്ടീവ് ഓഫീസർ , കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ പേരിലുള്ള ഗ്രാന്റ് - ഇൻ - എയ്ഡ് അക്കൗണ്ട് ആയ 799011400005497 - ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാനും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി, കോഴിക്കോട് എയർപോർട്ട്.പി.ഒ., മലപ്പുറം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
3. ജില്ലാ ട്രഷറി ഓഫീസർ , മലപ്പുറം
4. സബ്ട്രഷറി ഒഫീസർ, സബ്ട്രഷറി, സെക്രട്ടറിയേറ്റ്/കൊണ്ടോട്ടി, മലപ്പുറം.
5. ധനകാര്യ വകുപ്പ് ( vide WW1/95/2024-Fin dated 23/03/2024)
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ& പി ആർ ഡി.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻഓഫീസർ**